**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
അമ്പലവയൽ, വയനാട്-673 593
കേരള കാർഷിക സർവ്വകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/adramb@kau.in

നമ്പർ. ഇ. 4628/2024 തീയ്യതി : 16.11.2024

## ടെൻഡർ നോട്ടീസ്

ഈ കേന്ദ്രത്തിലെ 65 എച്ച്.പി ബാക്ക്ഹോ ലോഡർ ട്രാക്ടർ ഒരു വർഷ കാലയളവിൽ ദിവസ വേതന അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുവാൻ താത്പര്യമുള്ള ട്രാക്ടർ ഡ്രൈവിഗ് ലൈസൻസും പരിചയ സമ്പത്തുമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. നിബന്ധനകളും വ്യവസ്ഥകളും ചുവടെ ചേർക്കുന്നു.

**65 എച്ച്.പി ട്രാക്ടർ ബാക്ക് ഹോ ലോഡർ പ്രവർത്തിപ്പിക്കുന്നതിന് ഡ്രൈവർ ജോലിക്കുള്ള ടെൻഡർ നിബന്ധനകൾ**

- ഒരു ദിവസത്തെ (8 മണിക്കൂർ) വേതനമാണ് ടെൻഡറിൽ കാണിക്കേണ്ടത്.
- ട്രാക്ടർ ഡ്രൈവിങ് ലൈസൻസിന്റെ കോപ്പിയും, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അതിന്റെ പകർപ്പും ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്

ടെൻഡർ കവറിനുപുറത്ത് എഴുതേണ്ടത്

**65 എച്ച്.പി ട്രാക്ടർ ബാക്ക് ഹോ ലോഡർ പ്രവർത്തിപ്പിക്കുന്നതിന് ഡ്രൈവർ ജോലിയ്ക്കുള്ള ടെൻഡർ**

| | | |
|---|---|---|
| ടെൻഡർ ലഭിക്കേണ്ട അവസാന തീയ്യതി, സമയം | : | 30.11.2024, 11.00 A.M |
| ടെൻഡർ തുറക്കുന്ന തീയ്യതി, സമയം | : | 30.11.2024, 11.30 A.M |
| ടെൻഡർ അയക്കേണ്ട വിലാസം | : | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട് |
| നിരത ദ്രവ്യം | : | 2000/- (രണ്ടായിരം രൂപ) (ഡി.ഡി/ പണമായോ സ്വീകരിക്കുന്നതാണ്) |
| ടെൻഡർ വില | : | 472/- (400+18 % ജി.എസ്.റ്റി) |
| ടെൻഡർ കാലാവധി | : | ഒരു വർഷം (ടെൻഡർ അംഗീകരിക്കുന്ന തീയ്യതി മുതൽ ഒരു വർഷം) |

**നിബന്ധനകൾ**

- നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല.
- www.kau.in/tenders കെ.എ.യു വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം.
- ടെൻഡർ ഫോമിന്റെ അവസാന രണ്ടു പുറങ്ങളിലുള്ള മാതൃക എഗ്രിമെന്റ് 200/- രൂപയുടെ കേരള സർക്കാർ മുദ്ര പത്രത്തിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. കൊളഗപ്പാറ ശാഖയിൽ മാറാവുന്ന രണ്ട് വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകളായി ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

- മുദ്രവെച്ച കവറിൽ 65 എച്ച്.പി ട്രാക്ടർ ബാക്ക്ഹോലോഡർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഡ്രൈവറിനുള്ള ടെൻഡർ എന്നെഴുതി അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്, അമ്പലവയൽ എന്ന വിലാസത്തിൽ 30.11.2024 തീയതി രാവിലെ 11 മണിയ്ക്ക് മുൻപായി ഈ സ്ഥാപനത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ടെൻഡർ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം തന്നെ രാവിലെ 11.30 ന് ആ സമയത്ത് ഹാജരായ കരാറുകാരുടെ പ്രതിനിധിയുടെയോ സാന്നിധ്യത്തിൽ ടെൻഡർ തുറന്ന് പരിശോധിക്കുന്നതാണ്.

- ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ /വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെൻഡറിനോടൊപ്പം നൽകേണ്ടതാണ്.

- ടെൻഡർ സമർപ്പിക്കുന്നവർ ടെൻഡർ നൽകുന്ന വേളയിൽ പേര്, ഒപ്പ്, മേൽവിലാസം എന്നിവ ടെൻഡറിൽ എഴുതിയിരിക്കണം.

- ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ടെൻഡറുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്. ടെൻഡർ തുകയോ, ലേലമോ ഏതാണോ കുറവ് എന്ന് നോക്കി തൃപ്തികരമാണെങ്കിൽ സ്വീകരിക്കുന്നതാണ്.

- യാതൊരു കാരണവും കൂടാതെ തന്നെ ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

- ടെൻഡർ ലഭിക്കുന്ന വ്യക്തി ഈ ഓഫീസൽ നിന്നുമുള്ള ഓർഡർ അനുസരിച്ച് ജോലി സമയ ബന്ധിതമായി ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും നിരത ദ്രവ്യം സർവ്വകലാശാലക്ക് മുതൽക്കൂട്ടാകുന്നതുമാണ്.

- ടെൻഡർ പ്രകാരം ദിവസ വേതനനാടിസ്ഥാനത്തിൽ നിയമിക്കുന്ന ട്രാക്ടർ ഡ്രൈവറിന് ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഈ സ്ഥാപനത്തിനോ കേരള കാർഷിക സർവ്വകലാശാലയ്ക്കോ യാതൊരു വിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ഡ്രൈവറിന് ടി.എ, ഡി.എ മറ്റു ബാധ്യതകളോ സർവ്വകലാശാലയുടെ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

- സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിന് ബാധകമാണ്.

- ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല.

- ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാവുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ 11.30 am ന് ടെൻഡർ തുറക്കുന്നതാണ്.

- ടെൻഡർ നിരക്കുകൾ ടെൻഡർ അംഗീകരിച്ച തീയ്യതി മുതൽ ഒരു വർഷത്തേയ്ക്ക് ആയിരിക്കും പ്രാബല്യം.

- കൂടുതൽ വിവരങ്ങൾ പ്രവർത്തിദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. ടെൻഡർ ലഭിച്ച വ്യക്തി 3% തുക സുരക്ഷാ നിക്ഷേപമായി നൽകേണ്ടതാണ്.

- ടെൻഡർ വില നിരത ദ്രവ്യം, ടെൻഡർ ഫോമിന്റെ അസ്സൽ, എഗ്രിമെന്റ് എന്നിവ സമർപ്പിച്ചിട്ടില്ലാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ കെ.എ.യു വെബ് സൈറ്റിൽ ലഭ്യമാണ്.

ഡോ. സി.കെ യാമിനി വർമ്മ
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ്:

1. കെ.എ.യു വെബ് സൈറ്റ്
2. നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
3. പഞ്ചായത്ത് ഓഫീസ്, അമ്പലവയൽ
4. കൃഷി ഭവൻ, അമ്പലവയൽ
5. വില്ലേജ് ഓഫീസ്, അമ്പലവയൽ
6. ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്ജ്